ഉത്തരം

(എ, ബി) ഈ പണി 1986–87 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (Vol. II item No. 249 on page 474) അടങ്കൽ തുക 10.51 ലക്ഷം രൂപയാണ്. വെള്ളപ്പൊക്ക നിയന്ത്രണ സാങ്കേതിക ഉപദേശക സമിതിയുടെ അനുമതി കിട്ടിയിട്ടുണ്ട്. മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

കുറ്റ്യാടി ജലസേചന പദ്ധതിയുടെ പേരാമ്പ്ര ഡിവിഷൻ

141 [154] ശ്രീ. എ.കെ.പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ പേരാമ്പ്ര ഡിവിഷൻ നിർത്തലാക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) പേരാമ്പ്ര ഡിവിഷൻ നിർത്തലാക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറിന് നിവേദനം ലഭിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ ആരിൽനിന്നെല്ലാമാണ് നിവേദനം ലഭിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ പേരാമ്പ്രയിലുള്ള 1.ാം നമ്പർ ഡിവിഷൻ നിർത്തലാക്കാൻ ഉദ്ദേശമില്ല. എന്നാൽ ആ ഡിവിഷൻ വടകരയിലേക്ക് മാറ്റണമെന്ന് ഒരു നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ബി) ഡിവിഷൻ മാറ്റരുതെന്ന് നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) ഡോ: കെ.ജി. അടിയോടി എം.പി. യിൽനിന്ന് ഇത് സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ട്.

കേരള വാട്ടർ ആൻറ് വേയ്സ്റ്റ് വാട്ടർ അതോറിറ്റി

142 [155] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ ആൻറ് വെയ്സ്റ്റ് വാട്ടർ അതോറിറ്റി എന്ന പേര് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

ഈ കാര്യം പരിഗണനയിലുണ്ട്.

കേരള വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി വാങ്ങിയ വിവിധതരം പൈപ്പുകൾ

143 [156] ശ്രീ. എം.വി. രാഘവൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 24-5-86 വരെ കേരള വാട്ടർ ആൻറ് വെയ്സ്റ്റ് വാട്ടർ അതോറിറ്റി മൊത്തം എത്ര രൂപയുടെ വിവിധതരം പൈപ്പുകൾ വാങ്ങിയിട്ടുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര കോടി രൂപയുടെ പൈപ്പുകൾ കെട്ടി കിടക്കുന്നുണ്ട്?

ഉത്തരം

(എ) ശുദ്ധജല വിതരണത്തിനും ഡ്രെയിനേജിനും വേണ്ടി മൊത്തം 47.85 കോടി രൂപയ്ക്ക്.

(ബി) ഇതിൽ ഉദ്ദേശം 4.25 കോടി രൂപയുടെ പൈപ്പുകൾ ഉപയോഗിക്കാതെ കിടപ്പുണ്ട്.

ശുദ്ധജലവിതരണത്തിനായി വാങ്ങിയ പൈപ്പുകൾ

144 [157] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-5-82 നു ശേഷം 24-5-86 വരെ ശുദ്ധ ജലവിതരണത്തിനുവേണ്ടി എത്ര രൂപയ്ക്ക് പൈപ്പുകൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വാങ്ങിയ പൈപ്പിൽ എത്ര രൂപയുടെ പൈപ്പ് ഉപയോഗപ്പെടാതെ അവശേഷിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശുദ്ധജലവിതരണത്തിനു മാത്രം 47.05 കോടി രൂപയ്ക്ക്.

(ബി) ഉദ്ദേശം 4.05 കോടി രൂപയുടെ പൈപ്പ് ഉപയോഗിക്കാതെ അവശേഷിക്കുന്നു.

മുസ്ലീം സ്ത്രീകൾക്ക് ചെലവിന് കിട്ടാൻ നടപടി

145 [158] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 10-6-1986 വരെ സംസ്ഥാനത്ത് മൊഴി ചൊല്ലപ്പെട്ട മുസ്ലീം സ്ത്രീകൾക്ക് ചെലവിനുകിട്ടാൻ കോടതികളിൽ ആകെ എത്ര പേർ കേസുകൾ നൽകി:

(ബി) ഇതിന്റെ ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉദിക്കുന്നില്ല.

സംസ്ഥാനത്തെ വിദ്യാലയങ്ങൾ

146 [159] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര വിദ്യാലയങ്ങളുണ്ട്:

(ബി) അവയിൽ ഹൈസ്കൂളുകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly